
# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 – 26

# ജി.എച്ച്.എസ് തോൽപ്പെട്ടി







Scanned with OKEN Scanner

ഉള്ളടക്കം


1. ആമുഖം

2. പൊതുലക്ഷ്യങ്ങൾ

3. വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്

4. നിലവിലെ അവസ്ഥാവിശകലനം

5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

6. പദ്ധതി വിശദാംശങ്ങൾ

7. പ്രതീക്ഷിത നേട്ടങ്ങൾ

8. മോണിറ്ററിങ്

9, ഉപസംഹാരം


Scanned with OKEN Scanner

# ആമുഖം

വയനാട് ജില്ലയിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ അതിർത്തി ഗ്രാമമായ തോൽപ്പെട്ടിയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് യു.പി സ്കൂൾ ആയി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം 2011 - 12 അധ്യായന വർഷമാണ് ഹൈസ്കൂളായി ഉയർത്തപ്പെട്ടത് . കർണാടക അതിർത്തി പങ്കിടുന്ന വനാന്തരങ്ങളിൽ ഉള്ള ഈ വിദ്യാലയത്തിലെ ഭൂരിഭാഗം കുട്ടികളും പിന്നോക്ക വിഭാഗത്തിലും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. തോൽപ്പെട്ടി പ്രദേശവാസികളെ സംബന്ധിച്ചിടത്തോളം ഈ വിദ്യാലയം അനുഗ്രഹമാണെങ്കിലും ഇനിയും ഭൗതികമായി സാഹചര്യം മെച്ചപ്പെടാൻ ഉണ്ട്. പിന്നോക്ക വിഭാഗം കുട്ടികൾക്കായി ഒരു ഹോസ്റ്റൽ, സ്കൂൾ ബസ് ,ഹയർ സെക്കൻഡറി എന്നിവ ഈ വിദ്യാലയത്തിന് അത്യാവശ്യമായ ഘടകങ്ങളാണ്.

5 മുതൽ 10 വരെ പഠിക്കുന്ന കുട്ടികളുടെ എണ്ണം

| ക്ലാസ് | ആകെ കുട്ടികൾ |
|---|---|
| 5 | 38 |
| 6 | 39 |
| 7 | 27 |
| 8 | 59 |
| 9 | 59 |
| 10 | 68 |
| ആകെ | 290 |

Scanned with OKEN Scanner

## അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർ

ഹൈസ്കൂൾ വിഭാഗത്തിൽ 9 അധ്യാപകരും യുപി വിഭാഗത്തിൽ 6 അധ്യാപകരും കായിക പരിശീലനത്തിനായി നിയോഗിച്ച രണ്ട് അധ്യാപകരും വിദ്യാലയത്തിൽ ഉണ്ട്. ഓഫീസ് വിഭാഗത്തിൽ ഒരു ക്ലർക്ക് രണ്ട് ഓഫീസ് അസിസ്റ്റന്റ് ഒരു എഫ് ടി സി എം എന്നിവരാണ് ഉള്ളത്.

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും ആ ക്ലാസിൽ നടന്ന പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർ ദേശീയതലത്തിൽ ശ്രദ്ധേയമായി നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക

- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക സാമൂഹ്യബോധമുള്ള മികച്ച പൗരന്മാരായി കുട്ടികളെ മാറ്റുക .
- മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജന വിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക

- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- അധ്യാപനം സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക
- പഠനം രസകരവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക.

## വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്

- പാഠ്യ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം ദീനാനുകമ്പ സാമൂഹികബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
- മികവാർന്നശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുറപ്പാക്കാൻ പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറാനുമുള്ള ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന് അവബോധത്തോടെ

Scanned with OKEN Scanner

പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തനാകട്ടെ

- ഇവിടെ പഠിച്ച പുറത്തിറങ്ങുന്ന കുട്ടികൾ അവരുടെ വീട്ടുകളിലും പരിസരത്തുമുള്ള മറ്റു കുട്ടികളെ നമ്മുടെ വിദ്യാലയത്തിലേക്ക് തന്നെ ചേർക്കുന്ന മികവിലേക്ക് വിദ്യാലയത്തെ എത്തിക്കുക.

## നിലവിലെ അവസ്ഥ വിശകലനം

### ഭൗതിക നേട്ടങ്ങൾ

- ആറ് ക്ലാസ് റൂമുകൾ പ്രൊജക്ടർ ഉപയോഗിച്ച് ഹൈടെക് സംവിധാനത്തിലേക്ക് മാറി
- എല്ലാ ക്ലാസ് മുറികളിലും ആവശ്യത്തിനനുസരിച്ച് ലൈറ്റും ഫാനും വെച്ചു.
- 1 ഐ ടി ലാബ് ,സയൻസ് ലാബ് , ടിങ്കറിംഗ് ലാബ് എന്നിവയും സ്കൂളിൽ പ്രവർത്തിക്കുന്നു
- എല്ലാ ക്ലാസ് റൂമുകളിലും നിലവിൽ സ്പീക്കർ സിസ്റ്റമുണ്ട്.
- എംഎൽഎ ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് സ്കൂൾ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

Scanned with OKEN Scanner

## ഭൗതിക പരിമിതികൾ

- വായനാമുറി പെൺകുട്ടികൾക്കുള്ള വിശ്രമമുറി എന്നിവയ്ക്ക് മതിയായ കെട്ടിടങ്ങൾ ഇപ്പോഴും ഇല്ല. ആവശ്യത്തിന് അനുസരിച്ചുള്ള ശൗചാലയങ്ങളും സ്കൂളിൽ ഇല്ല
- സ്കൂളിൽ അസംബ്ലിയും മറ്റു പരിപാടികളും നടത്തുമ്പോൾ എല്ലാ കുട്ടികളെയും ഉൾക്കൊള്ളിക്കാൻ സാധിക്കുന്നില്ല എന്നത് ഓഡിറ്റോറിയത്തിന്റെ ഒരു പരിമിതിയാണ്.
- വന അതിർത്തിയോട് ചേർന്ന് സ്കൂൾ ആയതിനാൽ വന്യമൃഗ ശല്യം രൂക്ഷമാണ് അതിനെ തടയാൻ ചുറ്റുമതിൽ ഇല്ലാത്തത് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.

## അക്കാദമിക നേട്ടങ്ങൾ

കഴിഞ്ഞ കുറേ വർഷങ്ങളായി പത്താം ക്ലാസ് പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ജെ ആർ സി യൂണിറ്റുകൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഗൈഡ്സ് എസ് .എസ്. എസ്. എസ് ക്ലബ് എന്നിവ സ്കൂളിൽ ഉണ്ട് . ശാസ്ത്ര കലാമേളകളിൽ വളരെ മികച്ച നേട്ടം കൈവരിക്കാൻ നമുക്ക് സാധിക്കാറുണ്ട് ഐ ടി മേളകളിലും YIP ലും നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്

Scanned with OKEN Scanner

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് ഹിന്ദി മലയാളം പഠനപരിഷ്ണം<br>വായനാ<br>പരിഭാഷണം<br>ലൈബ്രറി ശാക്തീകരണം<br>പ്രതിഭാ പോഷണം പരിപാടി<br>ശലഭോദ്യാനം<br>പഠനയാത്രകൾ<br>സെമിനാറുകൾ<br>കലാകായിക ശാസ്ത്രമേളകൾ | ചുറ്റുമതിൽ<br>കളിസ്ഥലം<br>ലൈബ്രറി വിശ്രമമുറി<br>വായനാമുറി കമ്പ്യൂട്ടർ ലാബ് മൾട്ടിമീഡിയ റൂം<br>കുടിവെള്ള വിതരണം<br>ഡൈനിങ് ഹാൾ<br>മാലിന്യ സംസ്കരണം<br>ഉദ്യാനം<br>ഭാഷോത്സവം<br>ഗണിതോത്സവം<br>ശാസ്ത്രോത്സവം<br>കലാകായിക പ്രവർത്തി പരിചയം<br>ക്ലാസ് ലൈബ്രറി<br>ഭിന്നശേഷി കുട്ടികളുടെ പഠനത്തിന് | വിദ്യാലയ വികസന സമിതി<br>ഒ എസ് എയുടെ പ്രവർത്തനം<br>എസ്എസ്എൽസി ജാഗ്രത സമിതി<br>ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വ അധ്യാപകർ സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള പരിപാടികൾ |

Scanned with OKEN Scanner

| | | |
|---|---|---|
| ഐ ടി പരിശീലനം ക്ലാസ് സജീവമാക്കൽ | ആവശ്യമായ സൗകര്യങ്ങൾ | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>ഭവന സന്ദർശനം<br>എസ് ആർ ജി ശാക്തീകരണം<br>ശില്പശാലകൾ<br>ഭിന്നശേഷി വിദ്യാർഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കൽ<br>അധ്യാപക ശാക്തീകരണ പരിപാടികൾ<br>പോഷകാഹാര പരിപാടി<br>നിരന്തര മൂല്യനിർണയം<br>ദിനാചരണങ്ങൾ<br>മത്സരപരീക്ഷാപരിശീലനം<br>കായിക പഠനം |

Scanned with OKEN Scanner

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

ഓരോ വിദ്യാർത്ഥിക്കും അവരുടെ അഭിരുചികൾക്കനുസരിച്ച് പഠിക്കുവാനും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും സാധിക്കും.

വിദ്യാർത്ഥികൾക്കിടയിൽ സ്നേഹവും സഹവർത്തിത്വവും വളരുന്നു

കുട്ടികളെ സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരായി വളർത്തുക

കൗമാരക്കാരായ വിദ്യാർഥികൾക്ക് അവരുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം

വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്നുള്ള കൂട്ടായ പ്രവർത്തനം

തങ്ങൾക്കും താല്പര്യമുള്ള വഴികൾ കണ്ടെത്താനും തുടർന്ന് പഠിക്കാനും സാധിക്കും

മത്സരാതീതമായ പഠന പ്രവർത്തനങ്ങളിലും കലാകായിക പ്രവർത്തനങ്ങളും പങ്കെടുക്കാൻ കഴിയും

## മോണിറ്ററിംഗ്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ മുൻഗണന ക്രമത്തിൽ നടപ്പാക്കും

മാസത്തിൽ രണ്ടു പ്രാവശ്യം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും

എല്ലാ യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തും ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾ കുട്ടികളുമായി പങ്കുവയ്ക്കുകയും അതിനനുസരിച്ച് നടപ്പാക്കുകയും ചെയ്യും

## ഉപസംഹാരം

ഗവൺമെന്റ് ഹൈസ്കൂൾ തോൽപ്പെട്ടി തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്ക് വേണ്ടി തയ്യാറാക്കിയതാണ്. ഇത് മേൽ നടപടിക്കായി സമർപ്പിക്കുന്നു

Scanned with OKEN Scanner

# ACADEMIC MASTER PLAN ENGLISH 2025-26

## GHS Tholpetty

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത് വിശകലന |
|---|---|---|---|---|---|
| ഇം ഗ്ലീഷ് ഭാഷാപഠനം | ഒഴുക്കോടെ ഇംഗ്ലീഷ് എഴുതാനും സംസാരിക്കാനും അവസരം നൽകൽ | 1.കുട്ടികളുമായി ഇംഗ്ലീഷിൽ അനൗപചാരിക സംഭാഷണം .<br>2.ഇംഗ്ലീഷ് പത്രവായന .<br>3.ലാംഗ്വേജ് ഗെയിം .<br>4.ലളിതവും രസകരവുമായ ഇംഗ്ലീഷ് ഭാഷ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു.<br>5.ക്ലാസ്സിൽ ഇംഗ്ലീഷ് നോട്ടീസ് ബോർഡ്.<br>ഇംഗ്ലീഷ് അസംബ്ലി. | പ്രതിദിനം /പ്രതിമാസം /ആഴ്ചയിൽ ഒരുദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് സർഗാത്മക രചന | ഇംഗ്ലീഷ് പദസമ്പത്തു വർധിപ്പിക്കൽ.<br>ഇംഗ്ലീഷിൽ ആശയവിനിമയം നടത്തൽ | 1.ക്ലാസ് ലൈബ്രറി<br>2.വായനമത്സരങ്ങൾ<br>3.ഇംഗ്ലീഷ് സർഗ്ഗവേള<br>4.ചുമർ പത്രങ്ങൾ<br>5.ഡിക്ഷണറി<br>വായനകാർഡുകൾ | | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് തിയറ്റർ | ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക | 1.പാഠഭാഗങ്ങളെ ആസ്പദമാക്കി സ്കിറ്റ് ,ഡ്രാമ ,റോൾ പ്ലേയ് .<br><br>2.വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കൽ | രണ്ടു അവധി ദിവസങ്ങളിൽ കുട്ടികളെ കൊണ്ട് പലതരത്തിലുള്ള പ്രവർത്തനങ്ങൾ വേദിയിൽ അവതരിപ്പിക്കുന്നു<br><br>1.(സ്കിറ്റ് , ഡ്രാമ ,റോൾ പ്ലേയ് , റെ സിറ്റേഷൻ, കോറിയോഗ്രാഫി ,റീഡേഴ്സ് തീയേറ്റർ മുതലയാവ )<br><br>2.പാഠ ഭാഗങ്ങളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി അഭിനയിച്ചു ഷൂട്ട് ചെയ്തു മികവാർന്ന രീതിയിൽ പ്രദർശിപ്പിക്കുന്നു. | രണ്ടു ദിവസം | പിടിഎ ഹെഡ്മിസ്ട്രസ് ഇംഗ്ലീഷ് ടീച്ചേർസ്, എസ് ആർ ജീ കൺ | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | | | വീണെർ മറ്റു വിഷയ അധ്യാപകർ | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാൻ | ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഇംഗ്ലീഷ് ഡയറിയിൽ കുറിക്കുന്നു. | പ്രതിദിനം | ഇംഗ്ലീഷ് ടീച്ചർ | |
| പുസ്തക നിരൂപണവും പദപ്രശ്ന നിർമ്മാണവും | വായനയും കളിയിലൂടെ ഭാഷാ പഠനവും | 1.പുസ്തകങ്ങൾ നിർദേശിച്ച് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>2.പദപ്രശ്നങ്ങൾ നൽകി ഉത്തരം കണ്ടെതാണ് അവസരം നൽകി sammanagal നൽകുന്നു. | പ്രതിദിനം /പ്രതിമാസം | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷപഠനം<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് | ഇംഗ്ലീഷ് ഭാഷപഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടിക | 1.ജൂൺ മാസത്തിൽ തന്നെ കുട്ടികളെ കണ്ടെത്തി അവർക്കു വേണ്ടി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കുന്നു . | | | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | ളെയും പഠന വൈക ല്യം ഉള്ളവ രെയും പഠന പ്രവർ ത്തനങ്ങ ളിൽ ഉൾപ്പെടു ത്തുന്നു | 2.കഥകൾ , വാക്കുകൾ എന്നിവയുടെ വീഡിയോ പ്രെസന്റേഷൻ ,പിക്ചർ കാർഡുകൾ ,ചാർട്ടുകൾ എന്നിവയിലൂടെ പഠനം രസകരം ആക്കുന്നു. കഥകൾ .<br><br>3.ഓരോ മാസവും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നു. | പ്രതിദി നം /പ്രതിമാ സം | ഇം ഗ്ലീഷ് ടീച്ച ർ | |
| . ഭാഷ പഠനം സവിശേഷ വൈഭവം ഉള്ള കുട്ടികൾക്ക് | സവിശേ ഷ വൈഭവം ഉള്ള കുട്ടിക ളെ അതി ന്റെ പൂർണത യിൽ എത്തി ക്കുന്നു.<br><br>. | 1.ഇംഗ്ലീഷിൽ മാത്രം ആശയവിനിമയം നടത്താനുള്ള അന്തരീക്ഷം ഒരുക്കൽ.<br><br>2.സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം.<br><br>3.പ്രസംഗം അവതരണം എന്നിവ പരിശീലിപ്പിക്കൽ<br><br>4.ഇംഗ്ലീഷ് സിനിമകൾ വാർത്തകൾ ചർച്ചകൾ എന്നിവ കാണാനും കേൾക്കാനും അവസരം ഒരുക്കൽ | പ്രതിദി നം /പ്രതിമാ സം | ഇം ഗ്ലീഷ് ടീച്ച ർ | |

Scanned with OKEN Scanner

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ- വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |



Scanned with OKEN Scanner

Downloaded from: https://...

## മേഖല – ഹൈസ്കൂൾ – മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ-ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

ACADEMIC MASTER PLAN 2025-26

GHS THOLPETTY

Subject : Chemistry

| ക്രമ നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ദത്ത വിശകലനം : വിഷയത്തെ ആസ്വാദമാക്കി വിദ്യാർത്ഥികൾ നിർമ്മിച്ച ഉൽപ്പന്നങ്ങളും ചെയ്ത പരീക്ഷണങ്ങളും<br>അവസ്ഥാവിശ്കലനം : ശാസ്ത്രബോധത്തിൽ വിദ്യാർത്ഥികൾ ഉയർന്ന നിലവാരം പുലർത്തുന്നു | പ്രവർത്തന പരിപാടിയുടെ പേര്: കുട്ടിയെ ശാസ്ത്ര ബോധമുള്ള മികച്ച പൗരൻ ആക്കി മാറ്റുക<br>പ്രതീക്ഷിത നേട്ടങ്ങൾ: കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | 1 | സയൻസ് അധ്യാപകർ |
| 2 | കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു.<br>മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തു കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം<br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | 1 | സയൻസ് അധ്യാപകർ |
| 3 | നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശില്പശാലകൾ സംഘടിപ്പിക്കുന്നു | 1 | സയൻസ് അധ്യാപകർ |

Scanned with OKEN Scanner

ACADEMIC MASTER PLAN 2025-26

GHS THOLPETTY

Subject : Chemistry

| ക്രമ നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 4 | * മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക<br>* വിവരശേഖരണ തല്പരരാകുന്നു<br>* സഹകരണ മനോഭാവം വളർത്തുന്നു<br>* അന്വേഷണ വർധിക്കുന്നു<br>* ( അടുക്കളയിലെ രസതന്ത്രം ) | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം<br>വായിച്ച ശാസ്ത്ര പുസ്തകങ്ങളെ അടിസ്ഥാനമാക്കി വായന കുറിപ്പുകൾ തയ്യാറാക്കുന്നു. ശാസ്ത്ര മാസിക നിർമ്മാണത്തിലൂടെ സഹകരണ മനോഭാവം വളർത്തുന്നു<br>* വിലയിരുത്തലുകൾ<br>കുട്ടികൾ വിവരശേഖരണം നടത്തിയതിന്റെ വിലയിരുത്തലുകൾ<br>* സാധാരണയായി അടുക്കളയിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ ശാസ്ത്രനാമം കണ്ടെത്തൽ | 1 | സയൻസ് അധ്യാപകർ |
| 5 | രസതന്ത്രത്തിൽ പ്രധാന പങ്കുവഹിച്ച ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി വസ്തു ആൽബം തയ്യാറാക്കൽ( ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തൽ )<br>വായനയും എഴുത്തും (താല്പര്യമനുസരിച്ച്) | ഭിന്നശേഷി വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ ടീച്ചർ ശാസ്ത്ര ബന്ധിത ചിത്രങ്ങൾ സംഘടിപ്പിച്ച് കുട്ടികൾക്ക് നൽകുന്നു. ഈ ചിത്രങ്ങൾ ഉപയോഗിച്ച് ഒരു ചെറു ആൽബം തയ്യാറാക്കുന്നതിന് അവർ ശ്രമം നടത്തുന്നു<br>വായനയിൽ താല്പര്യമുള്ള ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലളിതമായ ശാസ്ത്ര പുസ്തകങ്ങൾ നൽകുന്നു<br>എഴുതുവാൻ കഴിവും താല്പര്യവുമുള്ള ഭിന്നശേഷി വിദ്യാർത്ഥികളെ കൊണ്ട് അധ്യാപികയുടെ സഹായത്തോടെ ചെറു ശാസ്ത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു | 1 | സയൻസ് അധ്യാപകർ |

Scanned with OKEN Scanner

ACADEMIC MASTER PLAN 2025-26

GHS THOLPETTY

Subject : Chemistry

| ക്രമ നം | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 6 | * പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക<br>* നേമറിവ് നേടൽ | * സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കാൻ ശരിയായ wasre disposal അവബോധ ക്ലാസുകളും ക്രമീകരണങ്ങളും നടത്തൽ<br>* പുതുപുത്തൻ സാങ്കേതികവിദ്യയും പുതു പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു<br>* സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ project മുതലായവയിൽ പങ്കെടുക്കുന്നു.<br>* ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | 1 | സയൻസ് അധ്യാപകർ |
| 7 | * തുറന്ന ലാബ്<br>* ശാസ്ത്ര മാഗസിൻ നിർമ്മാണം<br>* ശാസ്ത്ര കലണ്ടർ തയ്യാറാക്കൽ<br>* മൂലകങ്ങളെ അറിഞ്ഞിടാം<br>* പ്രശ്നപരിഹാര ബോധന പ്രവർത്തനം | * ഈ പ്രവർത്തനത്തിന്റെ ഭാഗമായി മുഴുവൻ പരീക്ഷണങ്ങളും ലിസ്റ്റ് ചെയ്യുന്നു. കുട്ടികൾക്ക് ചെയ്തു നോക്കാൻ അവസരം നൽകുന്നു.<br>* ഒരു ക്ലാസ്സിന് ഒരു മാഗസിൻ എന്ന പ്രവർത്തനം നടത്തുന്നു<br>* ഓരോ മാസവും ഉണ്ടാകുന്ന ശാസ്ത്ര ദിനങ്ങളുടെ കലണ്ടർ തയ്യാറാക്കൽ<br>* ആവർത്തന പട്ടികയിലെ മൂലകങ്ങളുടെ രാസ ഭൗതിക ഗുണങ്ങൾ തയ്യാറാക്കൽ<br>* Hard spot- കൾ കണ്ടെത്തി കൂടുതൽ വിശദമായ ക്ലാസുകൾ നടത്തുന്നു. പ്രശ്നങ്ങൾ പരിഹരിച്ച് കുട്ടികളെ ശാസ്ത്ര തല്പരരാക്കുന്നു | 1 | സയൻസ് അധ്യാപകർ |

Scanned with OKEN Scanner

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണ കാലഘട്ടം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്ര ലാബ് നവീകരണം | 8, 9, 10 ഊർജ്ജതന്ത്രം പാഠഭാഗത്തെ പരിക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ പരീക്ഷണ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>• നിലവിലെ ലാബ് സാധനങ്ങളിൽ നിന്ന് update ചെയ്യുന്നു<br>• ശാസ്ത്ര ഉപകരണങ്ങൾ രാസവസ്തുക്കൾ ശേഖരണം<br>• പരീക്ഷണങ്ങൾ തെരഞ്ഞെടുത്ത് ക്ലാസ് അടിസ്ഥാനത്തിൽ ചെയ്യുന്നു | ജൂൺ- ജൂലൈ<br>ജൂൺ - സെപ്തംബർ | ഊർജ്ജതന്ത്രം അധ്യാപകർ | പി.ടി.എ |
| 2 | ശാസ്ത്രസാഹിത്യം | നിലവിലുള്ള ശാസ്ത്ര പുസ്തകങ്ങളും മാസികകളും ലൈബ്രറിയിൽ നിന്നും ലിസ്റ്റ് ചെയ്യൽ ,ലിസ്റ്റിൻറെ കോപ്പി ക്ലാസിൽ പ്രദർശിപ്പിക്കുന്നു | ജൂലൈ-ഫെബ്രുവരി | ഊർജ്ജതന്ത്രം അധ്യാപകർ | സയൻസ് ക്ലബ് |
| 3 | ശാസ്ത്രപോഷണം | • ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കുന്നു.<br>• ശാസ്ത്രജ്ഞരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു<br>• സയൻസ് ഡയറിയിൽ സമകാലീന ശാസ്ത് വാർത്തകൾ update ചെയ്യുന്നു | ജൂലൈ-ഫെബ്രുവരി | സയൻസ് ക്ലബ് | സയൻസ്ക്ലബ് |

Scanned with OKEN Scanner

ACADEMIC MASTER PLAN 2024-25
GHS THOLPETTY

BIOLOGY

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| * | ശാസ്ത്രാഭിരുചി വളർത്തുന്നതിന് (ശാസ്ത്രമേള ബന്ധിതം) | *ക്ലാസ് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ *ചാർട്ട് പ്രോജക്റ്റ്, മോഡൽ, ശാസ്ത്രനാടകം ഇവയുടെ സ്കൂൾ തല മത്സരം നടത്തി മികച്ചത് കണ്ടെത്തുന്നു *യോഗ്യരായവരെ അടുത്ത തലത്തിലേക്ക് പ്രാപ്തരാക്കുന്നു | 6 മാസം | PTA അധ്യാപക അംഗങ്ങൾ | ക്ലബ്ബ് ഫണ്ട് സ്കൂൾ വികസന ഫണ്ട് |
| * | ഭിന്നശേഷി കാരുടെ അഭിരുചി വളർത്താൻ | ചിത്രശേഖരണം ഭിന്നശേഷിവിധ്യർത്ഥികൾ കുള്ള സ്പെഷ്യൽ ടീച്ചർ ശാസ്ത്രബന്ധിത ചിത്രങ്ങൾ സംഘടിപ്പിച്ച് കുട്ടികൾക്ക് നൽകുന്നു.ഈ പ്രവർത്തനങ്ങൾ ക്ലാസ് ടീച്ചർക്കും വേണമെങ്കിൽ നൽകാം .ഈ ചിത്രങ്ങൾ ഉപയോഗിച്ച് ഒരു ചെറു ആൽബം(ഭിന്നശേഷി വിദ്യർഥികളുടെ കൂട്ടായ്മ)തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നു. ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ഉപയോഗിച്ച് ശാസ്ത്ര ആൽബം ആകാം | മൂന്നാഴ്ച ജൂലൈ അഗസ്റ്റ് സെപ്റ്റംബർ | ക്ലാസ് അധ്യാപകർ /സ്പെഷ്യൽ ടീച്ചർ | ഭിന്ന ശേഷി ഫണ്ട് സ്കൂൾ വികസന ഫണ്ട് |

WPS Office

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| * | ശാസ്ത്ര ലൈബ്രറി ഉപയോഗപ്പെടുത്തുന്നതിന് | * വിശേഷദിവസങ്ങൾ ആനുകാലികമാക്കാം സംശയങ്ങൾ ലഭിക്കുമ്പോൾ ലൈബ്രറി പുസ്തകങ്ങൾ (Science) വായിച്ച് ലഭിച്ച അറിവ് ആവശ്യാനുസരണം പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നു<br>*ശാസ്ത്രമാഗസിൻ നിർമാണം ലഭിച്ച അറിവ് പ്രയോജനപ്പെടുത്താൻ ഓരോ ക്ലാസിലും ശാസ്ത്ര മാഗസിൻ നിർമാണം ( ശാസ്ത്രമേളയിലേക്ക് പതിപ്പ്) | മൂന്നാഴ്ച വായനാദി നാ വാരം ജൂണിലെ<br><br>ഒരു മാസം | സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ | ക്ലാസ് പിരിവ് |
| | അക്കാദമിക | മാസ്റ്റർപ്ലാൻ നിർവഹണ പദ്ധതി | 2024 | | |
| *<br>*<br>*<br>* | വിദ്യാലയത്തിന്റെ പേര്<br>വിഭാഗം<br>വിഷയം<br>ദത്തവിശകലനം<br><br>അവസ്ഥ വിശകലനം | ജി. എച്ച്.എസ്.എസ്. കുറ്റിപ്പുറം<br>:H.S(8,9,10)<br>:ജീവശാസ്ത്രം<br>:ജീവശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളും ,വിദ്യാർത്ഥികൾ നിർമിച്ച ഉത്പന്നങ്ങളും<br>: ശാസ്ത്രാവബോധത്തിൽ വിദ്യാർത്ഥികൾ ഇപ്പോഴും താഴ്ന്ന നിലവാരം പുലർത്തുന്നു | | | |
| * | പ്രവർത്തനപരിപാടിയുടെ പേര് | :കുട്ടിയെ ശാസ്ത്രാവബോധമുള്ള മികച്ച പൗരനായി മാറ്റുക | | | |
| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയാളവ് | ചുമതല | സാമ്പത്തികം |

WPS Office

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 1 | നല്ല ആരോഗ്യശീലങ്ങൾ വളർത്തി എടുകുന്നത് Or മഴക്കാല രോഗങ്ങളെ കുറിച്ചുള്ള അവബോധം വളർത്തൽ | *ജൂൺ/ ജൂലൈ മാസങ്ങളിൽ സൗകര്യപരമായദിനങ്ങൾ കണ്ടത്തെി മഴക്കാല രോഗങ്ങൾ ശുചിത്വം പാലിക്കേണ്ടത്തിന്റെആവശ്യകത എങ്ങനെ ആരോഗ്യംകാത്തുസൂക്ഷികാം ബന്ധപ്പെട്ട് ഒരു ഡോക്ടറുടെയോ ആരോഗ്യ പ്രവർത്തകന്റെയോ ക്ലാസ് സംഘടിപ്പിക്കുന്നു<br><br>ഹെല്ത്ത് ചേക്ക്,പ്പ് യോഗ വ്യായാമത്തിന്റെ ആവശ്യകത ആർത്തവകാല പ്രശ്നങ്ങൾ (പെൺകുട്ടികൾക്കുള്ള ക്ലാസ്)സെക്ഷ്വൽ awareness class (ആണ് പെൺ)etc.(ക്ലാസുകൾ) | ജൂൺ - ജൂലൈ 2 മാസം<br><br>ജൂൺ -july 2 മാസം | ഹെല്ത്ത് ക്ലബ്ബ് ഇൻചാർജ് ടീച്ചേഴ്സ് ,P TA ജീവശാസ്ത്ര അദ്ധ്യാപകർ<br><br>ഹെല്ത്ത് ക്ലബ്ബ് ഇൻചാർജ് And ജീവസത്രാധ്യാപകർ | PTA ഫണ്ട് സ്പോൺസർഷിപ്പ് സ്കൂൾ ഫണ്ട് |
| 2 | പ്രേശ്നങ്ങൾ പങ്കുവെക്കുനതിനുള്ള അവസരം ലഭിക്കുന്നതിന് | കൗൺസലിംഗ് യൂണിറ്റ് | ജൂൺ - february | ക്ലാസ് ടീച്ചർ M.PTA | R s-3000 School വികസന ഫണ്ട് |
| 3 | ലൈഗിക അതിക്രമങ്ങൾ ഇല്ലാതാക്കുന്നു തിന് | ഒരു അഡ്വക്കേറ്റിന്റെ ക്ലാസ് ചാക്കോ ജോർജ് പനക്കൽ (സകൂളിൽ നിന്ന് വിരമിച്ച് അഡ്വക്കേറ്റ് ആയി പ്രവർത്ഥനമനുഷ്ഠിക്കുന്നു ) നേരിന്റെ ക്ലാസ് :-pocso നിയമാവശങ്ങളെ കുറിച്ചുള്ള ക്ലാസുകൾ ഉൾപെടെ | August or September | ടീൻസ് ക്ളബ് ചാർജുള്ള അധ്യാപിക | P T A ഫണ്ട് |
| 4 | ലിംഗ നീതി ഉറപ്പുവരുതതൽ | *സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും ആണ് പെൺ വ്യതസമില്ലതെ തുല്യ പങ്കാളിത്തം ഉറപാകുന്നു *രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും | 1 year<br><br>October 11 1day | ക്ലാസ് അധ്യാപിക<br><br>J R C | <br><br>P T A |

WPS Office

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | ബോധവത്കരണ ക്ലാസ് | | | |
| 5 | കൗമാര കാലഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | *അക്കാദമിക പ്രവർത്തനങ്ങൾ കയികമേഖലയിൽ കൂടുതൽ അവസരങ്ങൾ സ്കൂൾ കൗൺസലിംഗ് കമ്മിറ്റിയും ജീവശാസ്ത്ര അദ്ധ്യാപകരും സംയോജിച്ചുകൊണ്ടുള്ള ബോധവത് കരണ്ങ്ങൾ | ജൂൺ to November | ജീവശാസ്ത്ര അധ്യാപക കൗൺസ ൽ | |
| 6 | ഗ്രീൻ ക്യാമ്പസ് നിർമിതി | ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് നിക്ഷേപിക്കാൻ ആവശ്യമായ ബോക്സ് സ്ഥാപിക്കുന്നു അജൈവം ഹരിത കർമ സേനക് നൽകുന്നു ജൈവം കമ്പോസ്റ്റ് നിർമാണം | ജൂൺ to August | ജീവശാസ്ത്ര അധ്യാപക ർ ഹെല്ത്ത് ക്ലബ്ബ് P T A | |
| 7 | ലഹരി വിമുക്ത വിദ്യാലയം | ജൂൺ 26 ലഹരി വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട് * ലഹരി വിരുദ്ധറാലി * സ്കിറ്റ് * ബോധവത്കരണക്ലാസ് *ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന | ജൂൺ അവസാന ആഴ്ച | ലഹരിവിരുദ്ധ് ക്ലബ് ഹെൽത്ത് ക്ലബ്ബ് P T A J R C | |
| | | | | | |

Scanned with OKEN Scanner

# ACADEMIC MASTER PLAN

**മേഖല : ഗണിതം എച്ച്.എസ്**

**അക്കാദമിക മാസ്റ്റർ പ്ലാൻ :**

| ക്രമ നമ്പർ | ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | ധനകാര്യ വിശകലനം | പിന്തുണ |
|---|---|---|---|---|---|---|
| 1 | ഗണിതത്തിൽ അടിസ്ഥാനം ഉറപ്പിക്കുക | ഗണിതം മധുരം,പരിഹാര ബോധനം,ലാബ് പ്രവർത്തനങ്ങൾ | ദീർഘ കാലം | നോട്ടുബുക്കുകൾ,ചാർട്ട്, മാർക്കർ, സ്കെച്ച് | 5000 | എച്ച്എം ,പിറ്റിഎ, ഗണിതാധ്യാപകൻ |
| 2 | ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത ക്വിസ് ,ജ്യാമെട്രിക് ചാർട്ട്<br>ഗണിത പൂക്കളം,<br>ഗണിത ചാർട്ട്,<br>പതാക നിർമ്മാണം,<br>പതിപ്പുകൾ,<br>ഗണിതം പ്രകൃതിയിൽ സെമിനാർ ,<br>ഗണിത പാട്ടുകൾ ,<br>ഗണിതം നിത്യജീവിതത്തിൽ,<br>കുസൃതി കണക്കുകൾ ശേഖരണം ,<br>ഗണിതശാസ്ത്രജ്ഞന്മാർ , | ഹ്രസ്വ കാലം | ചാർട്ട് പേപ്പർ, ഫെവി ക്കോൾ,സെല്ലോ ടേപ്പ്,കത്രിക, കളർ പേപ്പർ | 5000<br>1000<br>500<br>1000 | ഗണിത ശാസ്ത്ര വിദഗ്ധൻ |

2

| | | | | | | |
|---|---|---|---|---|---|---|
| | ഐസിടി<br>സാധ്യതയിലൂടെയുള്ള<br>ഗണിതപഠനം | ഗണിതശാസ്ത്രജ്ഞന്മാരുടെ<br>ജീവചരിത്രം,<br>ഗണിതത്തിലെ നാട്ടറിവുകൾ<br>ശേഖരണം,<br>ഗണിത ലാബുകൾ<br>സജ്ജമാക്കൽ,<br>ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ<br>,<br>ഗണിത ലൈബ്രറി ,<br>ക്ലാസ് മുറികളുടെ ചുമർ<br>ഗണിത ആശയങ്ങളാൽ<br>അലങ്കരിക്കൽ ,<br>ഗണിത ശില്പശാല,<br>ഗണിത സഹവാസക്യാമ്പ്,<br>ഗണിതമേള ,<br>ഗണിത പ്രദർശനം ,<br>ഗണിത നിഘണ്ടു ,ഗണിത<br>പാർക്ക് ,<br>ഗണിതോത്സവം ,<br>ഗണിത അസംബ്ലി,,<br>മനക്കണക്ക് മത്സരം<br>ബാല Building as learning<br>Aid.<br><br>സമഗ്ര റിസോഴ്സ്,<br>ജിയോജിബ്ര, മാത്സ്പാട്<br>തുടങ്ങിയ സങ്കേതങ്ങൾ<br>ഉപയോഗിച്ച് ഗണിത പഠനം | മധ്യകാലം | | 25000<br>500<br>1000<br>1000<br>1000<br>500<br>500<br>1000 | എസ്.ആർ.<br>ജി, പിറ്റിഎ |

| 3 | | | | | | |
|---|---|---|---|---|---|---|
| | ചതുഷ്ക്രിയ ഉറപ്പിക്കൽ | ഗണിത കളികളിലൂടെയും മത്സരപരീക്ഷ ,ഗണിത വർക്ക് ഷീറ്റ് തുടങ്ങിയവയുടെ സഹായത്താൽ | | | 1000 | |
| | ബീജഗണിതം ആസ്വാദ്യം ആക്കൽ | പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതം ഉപയോഗിച്ച് വിശദീകരിക്കുന്നു. വേദഗണിതം ലീലാവതി തുടങ്ങിയ ബുക്കുകർ പരിചയപ്പെടുത്തി പ്രവർത്തനങ്ങൾ ചെയ്യുന്നു | ഹ്രസ്വ കാലം | എ ഫോർ പേപ്പർ ലൈബ്രറി പുസ്തകങ്ങൾ | 2000 | |
| | പ്രശ്നനിർധാരണം സാധ്യമാക്കൽ | സമാനമായ പ്രശ്നങ്ങൾ വിവിധ നിലവാരത്തിൽ ഉള്ളത് പരിശീലിപ്പിക്കുന്നു | | | 500 | |
| | ക്രിയാത്മകത കൃത്യത സൂക്ഷ്മത ഉപകരണങ്ങൾ | ഗണിത ലാബ് ഗണിത | ഒരു മാസം | | | |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| 4 | | | | | | |
| | കൈകാര്യം<br>ചെയ്യുവാനുള്ള കഴിവ്<br>ഇവ വികസിപ്പിക്കൽ<br><br>പരീക്ഷ പരിശീലനം<br><br>പണം വിനിമയം<br>വ്യക്തമായ ധാരണ<br>ഉണ്ടാക്കാൻ ഗണിതാ<br>ഭിരുചി വർ<br>ദ്ധിപ്പിക്കുവാൻ<br>,മാഗസിനികൾ<br>തയ്യാറാക്കുന്നതിനുള്ള<br>ശേഷി, ക്രിയാത്മക | വർഷോപ്പുകൾ പ്രവർത്തന<br>ങ്ങൾ ജ്യാമതീയ പാറ്റേണുകൾ<br>നിർമ്മിക്കുക പാറ്റേണുകൾ<br>നിർമ്മിക്കുക ,പതിപ്പ്<br>തയ്യാറാക്കൽ ജിയോജിബ്ര<br>പരിശീലനം<br>ഐസിടി(ആഴ്ചയിലൊരിക്കൽ<br>)<br>പതാക നിർമ്മാണം<br>ചോദ്യപേപ്പർ നിർമ്മാണം<br>ഓപ്പൺ ബുക്ക് ടെസ്റ്റ്<br>പേപ്പറുകൾ സ്വയം<br>വിലയിരുത്തൽ | | എ ഫോർ<br>പേപ്പർ<br>ലൈബ്രറി<br>പുസ്തകങ്ങൾ<br><br>സാധന<br>സാമഗ്രികൾ<br>വർണ്ണക്കടലാ<br>സ് തുണി മൂന്ന്<br>നിറത്തിൽ<br>വെള്ള പച്ച<br>ഓറഞ്ച്<br>ലാബ്<br>പ്രവർത്തനങ്ങ<br>ൾക്കുള്ള<br>ഉപകരണങ്ങൾ<br>സാമഗ്രികൾ<br>ലാബ്<br>പ്രവർത്തന<br>സാമഗ്രികൾ | 10000<br><br>5000<br><br>1000<br><br>1000<br><br>20000 | |

## Academic master plan - social science

പൊതു ലക്ഷ്യങ്ങൾ

- സാമൂഹ്യ ശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക .
- സാമൂഹ്യ ശാസ്ത്ര പഠനത്തിൽ ICT സാന്നിധ്യം പ്രയോജനപ്പെടുത്തുക.
- സാമൂഹ്യചിന്ത, സാമൂഹ്യബോധം, സാമൂഹ്യ ശാസ്ത്ര വിശകലനശേഷി എന്നിവ എല്ലാ കുട്ടികളും ആർജിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന സാമൂഹ്യ ശാസ്ത്ര പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യ ശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക.
- മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുക.
- ചരിത്ര ശേഷിപ്പുകൾ നശിപ്പിക്കാതെ വരും തലമുറയ്ക്ക് കൈമാറുക.
- കുട്ടികളെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലേക്കു അടുപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക .
- നമ്മുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദേശീയസമരങ്ങളേയും അതിനു നേതൃത്വം നൽകിയ മഹാന്മാരേയും സാമൂഹികപരിഷ്കർത്താക്കളേയും അറിയുകയും അവരുടെ പ്രവർത്തനപാത പിന്തുടരുകയും ചെയ്യുക.

### പ്രവർത്തനങ്ങൾ

1 കുട്ടികളുടെ മുന്നറിവു , ഓർമശക്തി പോലുള്ളവ വികസിപ്പിക്കാനുള്ള ചില കളികൾ സംഘടിപ്പിക്കുന്നു.

2.ക്ലാസിൽ കുട്ടികൾക്ക് കഥ പറയൽ , ചിത്രരചന , പ്രസംഗം , സംഗീതാലാപനം പോലുള്ള സർഗശേഷികളുടെ പ്രകടനത്തിനുള്ള അവസരം നൽകുന്നു .

3. ചില മഹാന്മാരേയും ചില ചരിത്രസംഭവങ്ങളും പരിചയപ്പെടുത്തി അതിനെ - കുറിച്ച് കൂടുതലറിയാനും കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കാനും അവസരം നൽകുന്നു .

4. അർത്ഥ പൂർണമായ ഭൂപടവായന ക്രമീകരിക്കുക.

5. പൊതു വിന്ജന്യനത്തിന് ഊന്നൽ നൽക്കുന്നു.

6. പത്രവായന പ്രോത്സാഹിപ്പിക്കുന്നു.

7. പ്രാചീന - മധ്യ - ആധുനിക പ്രധാന സംഭവങ്ങൾ തരംതിരിക്കുന്നു.

8. പഠന യാത്രകൾ സംഘടിപ്പിച് ചരിത്ര പഠനം കാര്യക്ഷമമാക്കുന്നു.

9. ക്ലബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക അവബോധം വളർത്തുന്നു.

Scanned with OKEN Scanner

ഒത്തിരി അറിവേകും ഇത്തിരി ഊഞ്ഞല .

1. ബുള്ളറ്റിൻ ബോഡു സ്ഥാപിക്കൽ .

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോഡ് സ്ഥാപിക്കുക .

എല്ലാ മാസവും ചേരുന്ന സബ്ജറ്റ് കൗൺസിൽ യോഗത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു .

- എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നതിന് .
- സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനങ്ങളും അറിയിപ്പുകളും പ്രദർശിപ്പിക്കുന്നതിന് .
- സമകാലികസംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന്

അക്ഷരതിളക്കത്തിലൂടെ നല്ല വിജയതിളക്കം .

1. pree-test നടത്തൽ .

2. പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ .

- പഠനപരമായ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്കു വേണ്ട പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക .
- ചിത്രങ്ങൾ , വീഡിയോകൾ സ്കിറ്റുകൾ തുടങ്ങിയവയിലൂടെ കുട്ടികളിൽ പഠന താത്പര്യം ജനിപ്പിക്കുക .
- നിരന്തരം ഇവരുടെ പഠനപുരോഗതി വിലയിരുത്തുക .

നാടിനെ അറിയാൻ

- എട്ടാം ക്ലാസിലെ കുട്ടികളിൽ തങ്ങളുടെ നാടിന്റെ ചരിത്രമറിയാനും അന്വേഷണത്വര ജനിപ്പിക്കാനും ഗവേഷണാത്മകമായി കണ്ടെത്തിയ കാര്യങ്ങൾ ചിട്ടയോടെ രേഖപ്പെടുത്താനുമായി പ്രാദേശിക ചരിത്ര രചന നടത്തുന്നു .
- ചരിത്രാവബോധം സൃഷ്ടിക്കുക ഇന്ത്യാചരിത്രം,ലോകചരിത്രം എന്നിവക്കൊപ്പം
- തന്റെ പ്രദേശത്തിന്റേയും ചരിത്രം അന്വേഷിച്ചറിയാൻ കുട്ടിക്കു അവസരം നൽകുക .
- ചരിത്രരചനയുടെ വിവിധ വശങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ അവസരം നൽകുന്നു .

വരച്ച് പഠിച്ച് ഇന്ത്യയെ അറിയാം .

- 9,10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഇന്ത്യൻ ഭൂപ്രകൃതി വൈവിധ്യങ്ങൾ സമഗ്രമായി അറിയാനും വരച്ചു പഠിക്കാനുമായിഅറ്റ്ലസ് നിർമാണം .
- ഇന്ത്യയുടെ ഭൂപ്രകൃതി വൈവിധ്യങ്ങൾ തിരിച്ചറിയാൻ കുട്ടിയെ പ്രാപ്തനാക്കുക
- ഭൂപടവായന , ഭൂപടനിർമാണം എന്നിവയിൽ കുട്ടികൾ ഇതുവരെ നേടിയ അറിവുകൾ പ്രയോഗിക്കാനുള്ള അവസരം നൽകുക .
- ഭൂപടവായനയുമായി ബന്ധപ്പെട്ട തോത് , ദിശ, ചിഹ്നങ്ങൾ നിറം എന്നിവയുടെ ശരിയായ പ്രയോഗം മനസ്സിലാക്കുന്നതിന് .

Scanned with OKEN Scanner

- സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിലും , ദേശീയപ്രസ്ഥാനങ്ങളിലും പങ്കാളികളായ ധീരയോദ്ധാക്കളെ പരിചയപ്പെടുത്തുന്ന ഒരു പതിപ്പ് നിർമാണം .

<u>ദിനവൃത്താന്തങ്ങൾ</u> .

1 സബ്ജറ്റ് കൗൺസിൽ ചേർന്ന് വിവിധ ദിനാചരണ പ്രവർത്തന കലണ്ടർ തയ്യാറാക്കുക .
2 സാമൂഹ്യശാസ്ത്ര ക്ലബ്ബ് രൂപീകരിക്കുക .
3 സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രധാന ദിനങ്ങളുടെ പ്രാധാന്യം ഉദ്ഘോഷിച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനപരിപാടികൾ സംഘടിപ്പിക്കുക .

- ഓരോ ദിനാചരണത്തിന്റേയും പ്രാധാന്യത്തെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക .
- കുട്ടികളുടെ സർഗശേഷി പരിപോഷിപ്പിക്കുക .
- സാമൂഹ്യശാസ്ത്രമേളകളിൽ പങ്കാളികളാകാൻ കുട്ടികളെ സജ്ജരാക്കുക .
- . കുട്ടികളിൽ ധാർമികമൂല്യങ്ങൾ വളർത്തുക .
- സ്വതന്ത്ര ചിന്തക്കും , ആശയപ്രകടനത്തിനുമുള്ള അവസരം ഒരുക്കുന്നു .

<u>സാമൂഹ്യ ശാസ്ത്ര പഠനം - പ്രശ്നങ്ങൾ</u>

<u>അക്കാദമികം</u>

എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിനും സാധിക്കുന്നില്ല.

• വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ, സാങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രയോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നു.

• എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണകൾ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല.

<u>ഭൗതികം</u>

• സാമൂഹിക ശാസ്ത്ര ലാബ് സജ്ജമാക്കുന്നതിന് സ്ഥലപരിമിതി ഒരു പ്രശ്നമാണ്.
• ICT അധിഷ്ഠിത പഠനത്തിന് ആവശ്യമായ സൗകര്യം കുറവാണ്.
• ക്ലാസ്സ് ലൈബ്രറികളുടെ അഭാവം നിലനിൽക്കുന്നു.

<u>സാമൂഹികം</u>

• പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.
• പ്രാദേശിക വിഭവ ശേഖരണം നടത്തിയിട്ടില്ല.

Scanned with OKEN Scanner

Academic Master Plan GHS THOLPETTY

Subject :Art (വിഭാഗങ്ങൾ മ്യൂസിക്, ചിത്രരചന, നൃത്തം, നാടകം, സിനിമ )

## മേഖല :സംഗീതം

- മുകളിൽ പറഞ്ഞ 5 വിഭാഗങ്ങളിൽ സർഗ്ഗകാത്മക ശേഷിയുള്ള കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ആർട്സ് ക്ലബ് രൂപീകരണം
- ഓരോ മാസത്തിലും പിന്നണി സംഗീതത്തോട് കൂടിയുള്ള കരോക്കേ ഗാനമേള സംഘടിപ്പിക്കുന്നു
- നാടൻ വാദ്യ ഉപകരണങ്ങളുടെ സഹായത്തോട് കൂടെയുള്ള നാടൻപാട്ട് അവതരണം.
- ക്ലാസ്സ് തലത്തിൽ സർഗ്ഗവേളകൾ സംഘടിപ്പിക്കുന്നു.

Scanned with OKEN Scanner

- മാപ്പിളപ്പാട്ട്, ഗസൽ ഈ സംഗീത രൂപങ്ങൾ കൂടുതൽ അറിയുന്നതിന് വേണ്ടി ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- ഹിന്ദുസ്ഥാനി സംഗീത ഉപകരണങ്ങൾ, കർണാടക സംഗീത ഉപകരണങ്ങൾ, നാടൻ വാദ്യ ഉപകരണങ്ങൾ, പ്രാദേശിക സംഗീത ഉപകരണങ്ങൾ ഇവയുടെ പ്രദേശനങ്ങൾ നടത്തുന്നു.
- മഹാരഥന്മാരായ സംഗീതജ്ഞന്മാരുടെ ജീവിതം അടങ്ങിയ സിനിമപ്രദർശനം (ഉദാഹരണം :സ്വാതി തിരുന്നാൾ )

## മേഖല :ചിത്രരചന

- സ്കൂൾ തലത്തിൽ ചിത്രരചനയിൽ മികച്ച കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ചിത്രക്കൂട്ടം എന്ന ടീം സംഘടിപ്പിക്കുന്നു.
- ചിത്രരചനയുടെ ബേസിക് വശങ്ങൾ അറിയുന്നതിന് വേണ്ടി ശില്പസാലകൾ സംഘടിപ്പിക്കുന്നു.

Scanned with OKEN Scanner

❖ എല്ലാ ദിനാചാരങ്ങളിലും പെയിന്റിംഗ്, ഓയിൽ പെയിന്റിംഗ്, ചിത്രരചന പെൻസിൽ, കാരികേചർ കാർട്ടൂൺ മത്സരങ്ങൾ നടത്തുന്നു.

❖ പ്രശസ്ത ചിത്രകാരന്മാർ (ഡാവിഞ്ചി, വിൻസെന്റ് വാങ്കോഗ്, രാജ രവിവർമ )ഇവരുടെ ചിത്രപ്രദർശനങ്ങൾ നടത്തുന്നു.

❖ വിദ്യാർത്ഥികളുടെ ചിത്രങ്ങൾ അടങ്ങിയ art ഗാലറി നിർമ്മാണം.

## മേഖല :നൃത്തം

❖ ശാസ്ത്രീയ നൃത്തങ്ങൾ, നാടോടി നൃത്തങ്ങൾ ഇവയുടെ ബേസിക് അറിയുന്നതിന് വേണ്ടി ശില്പശാലകൾ സംഘടിപ്പിക്കുന്നു.

❖ കഥകളി, കൂടിയാട്ടം, ഓട്ടൻതുള്ളൽ, നങ്ങ്യർകൂത്തു, ചാക്യർകൂത്തു, ഈ കലാരൂപങ്ങളുടെ പ്രേദർശനം.

❖ പഠഭാഗങ്ങളിലെ കവിതകൾക്ക് നൃത്താവിഷ്കാരം.

## മേഖല :സിനിമ, നാടകം

❖ പാഠപുസ്തകത്തിലെ കഥകൾ നടകരൂപത്തിൽ ആക്കുന്നു.

Scanned with OKEN Scanner

- അഭിനയ സാധ്യതങ്ങൾ അറിയുന്നതിന് വേണ്ടി നാടകക്യാമ്പുകൾ.
- ഏകാങ്ക നാടകങ്ങൾ, ബാലെ എന്നിവ പ്രദർശിപ്പിക്കുന്നു.
- പ്രശസ്ത നാടകാചര്യൻമാർ (വയലാവാസുദേവൻപിള്ള, കാവാലം നാരായണപണിക്കർ )ഇവരുടെ നാടകപ്രദർശനം.
- കഥകൾ കൊടുത്തു കൊണ്ടുള്ള തിരക്കഥ നിർമ്മാണം.
- സ്കൂൾ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള ഷോർട് ഫിലിം നിർമ്മാണം
- ഫിലിം ക്ലബ് രൂപീകരണം.
- സിനിമ നിർമ്മാണത്തിന് ആവശ്യമായ ഇൻഡോർ ഔട്ട് ഡോർ ലൊക്കേഷൻ കണ്ടുപിടിക്കുന്നു.

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## Work Integrated Education

## G H S THOLPETTY

വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നത് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭാസം അനിവാര്യമാണ് .

ഓരോ പ്രവർത്തി പഠന ക്ലസ്സിന്റെയും അടിത്തറ മാനവശേഷി വികാസമാണ് എല്ലാ പൗരന്മാരുടെയും ശേഷികളും കഴിവുകളും രാഷ്ട്രനിർമ്മാണതിനുതകുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് മാനവശേഷി വികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹിക ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താകളാക്കി പുതിയ തലമുറകളെ വാർത്തെടുക്കുന്നതും പ്രവർത്തി പഠനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളാണ് .

### പൊതുലക്ഷ്യങ്ങൾ

- തൊഴിൽ സന്നദ്ധത
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ
- സന്തുലിത വ്യക്തിത്വവികസനം
- കലാപരമായ കഴിവുകൾ നേടുക
- വരക്കാനും അളക്കാനും മുറിക്കാനും മൊക്കെയുള്ള അറിവുകൾ നേടുന്നു
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു .

| ലക്ഷ്യങ്ങൾ | |
|---|---|
| കൃഷിയെകുറിച്ച് കൂടുതൽ അറിയുന്നു | ചെടിനടുന്നു വെള്ളവും വളവും നൽകി പരിചരിക്കുന്നു |
| പ്ലംമിങ് നെ അടുത്തറിയുന്നു | വെള്ളമൊഴുകുന്ന വഴി വിവിധ ഉപകരണങ്ങളുടെ സഹായത്താൽ അറിയുന്നു |

Scanned with OKEN Scanner

| | |
|---|---|
| പാർപ്പിട പ്ലാനുകൾ കണ്ടറിയാൻ സാധിക്കുന്നു | Plan Lay out വരച്ചു പഠിക്കുന്നു അതിനാവശ്യവസ്തുക്കൾ അറിയുന്നു . |
| വസ്ത്രങ്ങളെ അറിയാം | Fabric Painting അലങ്കാരത്തുന്നലുകൾ എന്നിവ ചെയ്തു പഠിക്കുന്നു |
| ഇലകട്രിക്കൽ സാധനങ്ങൾ അറയുന്നു | ഇലകട്രിക്കൽ ഉപകരണങ്ങൾ പരിചയപ്പെടുന്നു |
| കരകൗശല വസ്തുകൾ നിർമ്മണം | വേസ്റ്റ് മെറ്റീരിയൽ നിന്നും പ്രകൃതി ദത്ത വസ്തുകളും ഉപയോഗിച്ച് കരകൗശല വസ്തു നിർമ്മാണം |
| എഴുത്തനവശ്യമായ പുസ്തക നിർമ്മാണം | A4 പേപ്പർ ഉപയോഗിച്ച് പുസ്തക നിർമ്മാണം ചെയ്തു പഠിപ്പിക്കുന്നു |
| അലങ്കാരവസ്തുക്കൾ നർമ്മിക്കാൻ പഠിപ്പിക്കുന്നു | വാൾ ഹങ്ങിഗ് പൂക്കൾ ഇവ നിർമ്മിക്കുന്നു |

Scanned with OKEN Scanner

അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്

| മേഖല: അക്കാദമികം | | വിഷയം :അറബി | | |
|---|---|---|---|---|
| പ്രശ്നം : സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു. | | | | |
| ലക്ഷ്യം :എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക | | | | |
| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വായിക്കാം വളരാം | അവസ്ഥാപഠനം | ജൂൺ-19-25 | A T | 100 |
| | വിശകലനം | ജൂൺ- 30 | A T | |
| | വായനാസാമഗ്രികൾ ശേഖരിക്കൽ (കാർഡുകൾ,പുസ്തകങ്ങൾ,.....) | ജൂലൈ 1-15 | PTA,A C | 1000 |
| | തുടർ വായന | ജൂലൈ-15 മാർച്ച്-15 | A T | |
| | ആശയാവതരണം | weekly | AC | |
| | വായനാ ഫെസ്റ്റ് | മാർച്ച്-10 | PTA,A C | 1500 |
| പ്രശ്നം :സ്വതന്ത്ര ആശയവിനിമയത്തിന് പ്രയാസം നേരിടുന്നു. | | | | |
| ലക്ഷ്യം: ആശയ വിനിമയശേഷി വർദ്ധിപ്പിക്കൽ | | | | |
| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| Walk with arabic | മെറ്റീരിയൽ ശേഖരിക്കൽ | July-1-25 | PTA,A C | |
| سيروا مع العربية | കേൾക്കാം പറയാം | ജൂൺ-മാർച്ച് | A T | |
| പ്രശ്നം : നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു. | | | | |
| ലക്ഷ്യം: എല്ലാ കുട്ടികളെയും നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു. | | | | |
| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വളരുന്ന നിഘണ്ടു | നിഘണ്ടു പരിചയം | ജൂൺ-ആഗസ്റ്റ് | A T | |

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വളരുന്ന നിഘണ്ടു | എന്റെ സ്വന്തം നിഘണ്ടു | സെപ്തംബർ-മാർച്ച് | A C | 500 |
| പ്രശ്നം : പദസമ്പത്തിന്റെ കുറവ് | | | | |
| ലക്ഷ്യം :പദസമ്പത്ത് വർദ്ധിപ്പിക്കൽ,അക്ഷരങ്ങളുടെ സാമ്യ വ്യത്യാസങ്ങൾ തിരിച്ചറിയൽ | | | | |
| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഒരക്ഷരം ഒരുപാട് പദങ്ങൾ | പദച്ചങ്ങല | ജൂൺ-മാർച്ച് | AT | |
| حرف واحد الف كلمة | പദപ്പയറ്റ് | weekly | A T | 500 |
| ക്ലബ് ശാക്തീകരണം | അലിഫ് അറബിക് രൂപീകരണം | ജൂൺ -25 | | |
| | പ്രവർത്തനകലണ്ടർ തയ്യാറാക്കൽ | ജൂൺ - 30 | | |
| | മഹാന്മാരെ അറിയൽ | ജൂലൈ-15 മാർച്ച്-15 weekly | A C | 600 |
| | പതിപ്പ് നിർമ്മാണം | Quarterly | | 300 |
| | ദിനാചരണങ്ങൾ,പോസ്റ്റർ | | | 200 |

Scanned with OKEN Scanner
Scanned with OKEN Scanner